**പതിനാലാം കേരളനിയമസഭ**

**പതിനാൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം:*262** **13.03.2020 -ൽ മറുപടിയ്ക്ക്**

# ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>,, കെ.എം.ഷാജി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പാറക്കൽ അബ്ദുല്ല : | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഭവന നിർമ്മാണ ബോർഡ് നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. ഗൃഹശ്രീ ഭവന പദ്ധതി<br>2. സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ വാടക വീട് പദ്ധതി<br>3. ആശ്വാസ് വാടക വീട് പദ്ധതി<br>4. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ |
| (ബി) ഭൂമിയുടെ ലഭ്യതയും ധനസഹായ ലഭ്യതയും ഉറപ്പാക്കാത്ത പദ്ധതികൾക്ക് അംഗീകാരം നൽകുക വഴി പദ്ധതികൾ പരാജയപ്പെടുന്നതായി സി & എ.ജി. നിരീക്ഷിച്ചിട്ടുണ്ടോ; | (ബി) നിരീക്ഷിച്ചിട്ടുണ്ട്. 2017-18-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.7.1-ൽ തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത, പ്രോജക്ടുകളുടെ സാമ്പത്തിക ക്ഷമത, പ്രോജക്ടുകൾക്കുള്ള ധനസഹായ ലഭ്യത തുടങ്ങിയവ ഉറപ്പാക്കാതെ പദ്ധതികൾക്ക് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കേരള സർക്കാരിൽ നിന്നും അംഗീകാരം തേടിയത് പദ്ധതികളുടെ നിർവ്വഹണം പരാജയപ്പെടാൻ കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചിട്ടുണ്ട്. |
| (സി) ഇത്തരം പിഴവുകൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (സി) ഫണ്ട്/ഭൂമിയുടെ ലഭ്യത, പ്രോജക്ടുകളുടെ സാമ്പത്തികക്ഷമത എന്നിവ പരിശോധിച്ച ശേഷം മാത്രം പ്രോജക്ടുകൾ ഏറ്റെടുത്താൽ മതിയെന്ന തീരുമാനം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ